(എ) ഉണ്ട്.

(ബി) ഉണ്ട്. ലോകബാങ്ക് സഹായത്തോടെ 43 ബ്ലോക്കുകളിൽകൂടി സമഗ്ര ശിശുവികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ച് പ്രാവർത്തികമാക്കുന്നതോടെ സംയോജിത ശിശുവികസന പദ്ധതി സംസ്ഥാനത്ത് സാർവ്വത്രികമാകുന്നതാണ്.

(ബി) സംയോജിത ശിശുവികസന പദ്ധതി നിലവിലുള്ള 120 ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ശിശുവികസനത്തിന് സമഗ്രമായി ലോകബാങ്ക് സഹായത്തോടെ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. (ബി) വിഭാഗം ഉത്തരത്തിൽ പരാമർശിക്കുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ മുഖ്യലക്ഷ്യം ശിശുക്ഷേമം തന്നെയാണ്. കൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രജനന ശൈശവാരോഗ്യ പരിപാടി എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു. ജനനശിശു ക്ഷേമ കുടുംബാസൂത്രണ രംഗങ്ങളിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശം.

11 (*318) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പരിപാടി അനുസരിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുന്നതിനുള്ള അനുവാദം ജനകീയ കമ്മിറ്റികൾക്ക് (ബെനിഫിഷ്യറി കമ്മിറ്റികൾക്ക്) നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികളാണ് നടത്തുന്നതെങ്കിൽ, അനുവദിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുകയുടെ നാൽപ്പത് മുതൽ നാൽപ്പത്തിയഞ്ചു ശതമാനംവരെ തുക പ്രസ്തുത കമ്മിറ്റികൾക്ക് പണി നടത്തുന്നതിനായി ഉയർത്തി നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉയർത്തി നൽകുന്ന തുകകൂടി ലഭിക്കുന്നതിനു വേണ്ടി ബെനിഫിഷ്യറി കമ്മിറ്റി രൂപീകരിക്കുകയും പണി കരാറുകാരനെക്കൊണ്ട് നടത്തിപ്പിക്കുകയും ചെയ്യുന്ന കാര്യം ഗൗരവമായി സർക്കാർ കണക്കിലെടുക്കുമോ;

(ഡി) എങ്കിൽ വലിയ സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടവരുത്തുന്ന ഇത്തരം 'ബിനാമി പണി' തടയുന്നതിനും, ശിക്ഷ ഏർപ്പെടുത്തു

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ന്നത് സംബന്ധിച്ചും എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(അ) 216/97/തഭവ നമ്പർ ഉത്തരവിന്റെയും 37783/98/എൽ.എ.ഡി നമ്പർ സർക്കുലറിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ബിനാമി വർക്കുകൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) 'ബിനാമി പണി'കൾ നടന്നതായി വിവരം ലഭിച്ച സംഗതികളിൽ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബിനാമി പണി നടത്തുന്നതിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുമെന്ന് ചട്ടങ്ങളിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

12 (*319) നദികളുടെ സംരക്ഷണം

ശ്രീ. പി.ജെ. ജോയി :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള നദികളുടെ സംരക്ഷണാർത്ഥം എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇപ്പോൾ ഏതെല്ലാം നദികളുടെ നിയന്ത്രണം ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്;

(സി) ഗവൺമെന്റ് നിയന്ത്രണം ഏറ്റെടുത്ത നദികളിൽനിന്ന് മണൽവാരുന്ന കാര്യത്തിൽ ഹൈക്കോടതി ഉത്തരവ് പാലിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നദികളുടെ സംരക്ഷണാർത്ഥം നിയമനിർമ്മാണം നടത്താൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ എന്നത്തേയ്ക്ക് ഈ നിയമനിർമ്മാണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) അതുവരെ നദികളുടെ സംരക്ഷണത്തിന് പഞ്ചായത്ത്, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്തെ പ്രധാന നദികളുടെ സംരക്ഷണത്തിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly